**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 539** **11-06-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പെൻഷൻ മുടങ്ങിയിട്ട് എത്ര മാസമായി എന്നും മുടങ്ങാൻ ഉണ്ടായ സാഹചര്യം എന്താണെന്നും വ്യക്തമാക്കാമോ; | (എ) | **മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ല ഗുണഭോക്താക്കൾക്കും 2024 മാർ മാസത്തിലും, 2024 ഏപ്രിൽ മാസത്തിലും 2024 മെയ് മാസത്തിലും കേന്ദ്ര വിഹിത ഉൾപ്പെടെയുള്ള പെൻഷനുകൾ അനുവദി വിതരണം നടത്തിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ സുരക്ഷാ പെൻഷനുകൾ അതാത് മാസ തന്നെ വിതരണം നടത്തുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാ നടത്തുന്നത്. 2024-25 ബജറ്റ് പ്രസംഗത്തി പ്രഖ്യാപിച്ചതു പോലെ 2024 ഏപ്രിൽ, മെയ എന്നീ മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട് തുടർന്നും മുടക്കം കൂടാതെ എല്ലാ മാസവു പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.** |
| (ബി) | നിലവിൽ എത്ര മാസത്തെ തുക കുടിശിക ഉണ്ട്; എങ്കിൽ പ്രസ്തുത പെൻഷൻ കുടിശിക എന്നത്തേക്ക് നൽകാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | **മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ല ഗുണഭോക്താക്കൾക്കും 2024 മാർ മാസത്തിലും, 2024 ഏപ്രിൽ മാസത്തിലും 2024 മെയ് മാസത്തിലും കേന്ദ്ര വിഹിത ഉൾപ്പെടെയുള്ള പെൻഷനുകൾ അനുവദി വിതരണം നടത്തിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ സുരക്ഷാ പെൻഷനുകൾ അതാത് മാസ തന്നെ വിതരണം നടത്തുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാർ നടത്തുന്നത് 2024-25 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചു പോലെ 2024 ഏപ്രിൽ, മെയ് എന്ന** |

| | | | |
|---|---|---|---|
| | | | **മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. തുടർന്നും മുടക്കം കൂടാതെ എല്ലാ മാസവും പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു.** |
| (സി) | ഏതെല്ലാം മാർഗത്തിലൂടെയാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള ഫണ്ട് കണ്ടെത്തുന്നത്; സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാനായി പെട്രോളിനും ഡീസലിനും മദ്യത്തിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ സെസ്സ് മുഖേന എത്ര തുക ലഭിച്ചിട്ടുണ്ട്; അറിയിക്കുമോ; | (സി) | **ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്ക- മെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്-ന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്.**<br><br>**സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യസുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. കേരള Finance Act 2023 പ്രകാരം 2023 ഏപ്രിൽ 1 മുതലാണ് സംസ്ഥാനത്ത് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിനും, പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഈടാക്കാൻ തുടങ്ങിയത്. പെട്രോളിനും ഡീസലിനും രണ്ട് രൂപ നിരക്കിലാണ് സെസ് ഏർപ്പെടുത്തിയത്. 500 രൂപ മുതൽ 999 രൂപ വരെ വില വരുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് ഒരു ബോട്ടിലിന് 20/- രൂപ നിരക്കിലും 1000/- രൂപയ്ക്ക് മുകളിൽ വില വരുന്ന മദ്യത്തിന് ബോട്ടിലിന് 40 /- രൂപ നിരക്കിലുമാണ് സാമൂഹ്യ സുരക്ഷാ സെസ് ഈടാക്കി വരുന്നത്. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്.**<br><br>**2023 ഏപ്രിൽ മുതൽ 2024 മെയ് 31 വരെ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.** |

<table>
<tr>
<td></td>
<td></td>
<td></td>
<td>

**തുക കോടിയിൽ**

<table>
<tr><th rowspan="2">ഫിനാൻസ് ആക്ട്</th><th colspan="2">പെട്രോളിയം ഉൽപ്പന്നങ്ങളിൽ ചുമത്തപ്പെടുന്ന സാമൂഹ്യ സുരക്ഷാ സെസ്സ്</th></tr>
<tr><th>2023-24 *</th><th>2024-25 *(2024 മെയ് 31 വരെ )</th></tr>
<tr><td>ഫിനാൻസ് ആക്ട് -2023 പ്രകാരം</td><td>954.32</td><td>96.61</td></tr>
</table>

* Provisional

2023 ഏപ്രിൽ മുതൽ 2024 മെയ് 31 വരെ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തുക കോടിയിൽ

<table>
<tr><td rowspan="2">ഫിനാൻസ് ആക്ട്</td><td colspan="2">ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് ചുമത്തപ്പെടുന്ന സാമൂഹ്യ സുരക്ഷാ സെസ്സ്</td></tr>
<tr><td>2023-24 *</td><td>2024-25 *(2024 മെയ് 31 വരെ )</td></tr>
<tr><td>ഫിനാൻസ് ആക്ട് -2023 പ്രകാരം</td><td>217.13</td><td>36.74</td></tr>
</table>

* Provisional

</td>
</tr>
<tr>
<td>(ഡി)</td>
<td>സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശിക ഇല്ലാതെ എല്ലാ മാസവും കൃത്യമായി നല്കും എന്നു പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ അത്തരത്തിൽ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;</td>
<td>(ഡി)</td>
<td>2024-25 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പോലെ 2024 ഏപ്രിൽ മാസത്തിലും മെയ് മാസത്തിലും സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. മുടക്കം കൂടാതെ എല്ലാ മാസവും പെൻഷൻ നല്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ഉറപ്പുവരുത്തുന്നതാണ്.</td>
</tr>
<tr>
<td>(ഇ)</td>
<td>സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശിക ഇല്ലാതെ എല്ലാ മാസവും കൃത്യമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?</td>
<td>(ഇ)</td>
<td>2024-25 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പോലെ 2024 ഏപ്രിൽ മാസത്തിലും മെയ് മാസത്തിലും സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. മുടക്കം കൂടാതെ എല്ലാ മാസവും പെൻഷൻ നല്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു</td>
</tr>
</table>

| | | | |
|---|---|---|---|
| | | | വരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ഉറപ്പുവരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ